# അസോസിയേഷൻ ഓഫ് കേരള ഗവൺമെൻ്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 06/2023
# 01.10.2023 എ.കെ.ജി.സി.ടി. ഭവൻ തിരുവനന്തപുരം.

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്
3. ജില്ലാ റിപ്പോർട്ടിംഗ്
4. മെമ്പർഷിപ്പ് യൂണിറ്റ് വിസിറ്റ്
5. സംസ്ഥാന പ്രവർത്തക ക്യാമ്പ്
6. നാലു വർഷ ഡിഗ്രി കോഴ്സ്
7. വിവിധ സബ് കമ്മറ്റികൾ
8. ആവശ്യമായ മറ്റുകാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി, ഡോ. ഗീതാനമ്പ്യാർ എം.കെ., സന്തോഷ് ടി. വർഗീസ്, ഡോ. എം.എസ്. മുരളി, രഘുദാസ് പി. വി., ശശി സി.ടി., ഡോ. ബി. അശോക്, സൗമ്യ എസ്., ഡോ. വിഷ്ണു വി.എസ്., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗായത്രി ദേവി ജി., ഡോ. അജി. പി. എൽ., സുശാന്ത് പി., സോബിൻ വർഗ്ഗീസ് എം.വി, സജിത്ത് കുമാർ പി., ഡോ. പ്രിൻസ് പി.ആർ., ഡോ. സുനിത ഗണേഷ്, ഡോ. എം. എ. അസ്കർ, ഡോ. ആർ. പ്രഗാഷ്, ഡോ. ആനന്ദ് ടി. എ., ഡോ.മുഹമ്മദ് ബഷീർ കെ. കെ, ഡോ. റോസ് നിക്സ് പി. കെ., ഡോ. മാണിക്ക്യരാജ് കെ., ഡോ. ഷജില ബീവി, രാജു എം. സി. ഡോ. കെ. റഹീം, ഡോ. മോത്തി ജോർജ്, ഡോ. രഞ്ജിത്ത് മോഹൻ, അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സുജ ടി.വി., ആൽബർട്ട് ആൻറണി ടി., രജിത സി. ആർ., ഡോ. ദിനേശൻ പി.കെ., ഡോ. ശരത്ത് എസ്., ആസിഫ് ഇഖ്ബാൽ കാക്കശ്ശേരി.

രാവിലെ 10 മണിക്ക് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന ട്രഷറർ ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഗീതാനമ്പ്യാർ എം. കെ. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

സി.പി.ഐ.(എം) മുൻ സംസ്ഥാന കമ്മിറ്റി അംഗവും ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവുമായിരുന്ന സ.സരോജിനി ബാലാനന്ദൻ, പ്രശസ്ത സാഹിത്യകാരനും അധ്യാപകനും സംഘടനാംഗവുമായ ഡോ. സി. ആർ. ഓമനക്കുട്ടൻ പ്രശസ്ത ചലച്ചിത്ര സംവിധായകൻ കെ. ജി. ജോർജ് ,തിരുവനന്തപുരം ഗവ.സംസ്കൃത കോളേജ് മുൻ പ്രിൻസിപ്പലും എ.കെ.ജി.സി.ടി അംഗവുമായിരുന്ന ഡോ. ബി. സതീന്ദ്രൻ, ആർട്ടിസ്റ്റ് സുകുമാർ, മൊറാക്കോ ഭൂചലനത്തിൽ മരണപ്പെട്ടവർ, ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ നായകൻ ഡോ.എം എസ് സ്വാമിനാഥൻ, എന്നിവരുടെ വേർപാടിൽ എ.കെ.ജി.സി.ടി. സംസ്ഥാന പ്രവർത്തക സമിതി അനുശോചനം രേഖപ്പെടുത്തുന്നു.

ഇതേ തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെ തുടർന്ന് ഉന്നതവിദ്യാഭ്യാസവകുപ്പ് 36 പേർക്ക് പ്രിൻസിപ്പാളിന്റെ താൽക്കാലിക ചുമതല നൽകി ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചവരുടെ കാര്യത്തിൽ ഉടൻ ഉത്തരവ് ഇറങ്ങുന്നതാണ്.ഉടൻ തന്നെ പുതുതായി പ്രിൻസിപ്പൽ നിയമനത്തിനുള്ള അപേക്ഷ വിളിക്കുന്നതാണ് ഇതിന്റെ ഗൈഡ് ലൈൻസ് തയ്യാറായി വരുന്നു.

അപാകതയുള്ള പ്രൊഫസർഷിപ്പ് അപേക്ഷകൾ വീണ്ടും പരിശോധിച്ച് പരിഗണിക്കാവുന്നവ ഉൾപ്പെടുത്തി ഉത്തരവ് നൽകുന്നതാണ്. അതിനുശേഷം പ്രൊഫസർഷിപ്പിനുള്ള പുതിയ അപേക്ഷ വിളിക്കുന്നതാണ്. ബി ഓപ്ഷൻ അനുസരിച്ച് അസോസിയേറ്റ് പ്രൊഫസറായ അധ്യാപകരുടെ കാര്യത്തിൽ എ.ജി ആവശ്യപ്പെട്ട ഉത്തരവ് ഉന്നതവിദ്യാഭ്യാസ വകുപ്പ് എത്രയും വേഗം നൽകാൻ ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്.ബി-ഓപ്ഷനിൽ സ്കോർ സംബന്ധിച്ച് പ്രശ്നമുള്ളവർക്ക് വീണ്ടും പുതുക്കി സമർപ്പിക്കുവാൻ അവസരം നൽകും.പുതിയ പ്ലെയ്സ്മെന്റ് അപേക്ഷകളിൽ എ ഓപ്ഷൻ ആയിരിക്കും ആദ്യം പരിഗണിക്കുക. ഡി.എ., പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ് സംബന്ധിച്ച വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. പ്ലെയ്സ്മെന്റ് ലഭിച്ച അധ്യാപകർക്ക് എ.ജിയിൽ നിന്നും സാലറി സ്ലിപ്പ് വൈകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പുമായി ചർച്ച നടത്തിയിരുന്നു. താമസിയാതെ പ്രശ്നത്തിന് പരിഹാരമുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. ഏ.ജി. വിഷയത്തിൽ ഗൂഗിൾ ഫോമിൽ അധ്യാപകരുടെ വിവരശേഖരണം നടത്തും.

സെപ്റ്റംബർ 13ന് നടന്ന പാർലമെന്റ് മാർച്ചിൽ സംഘടനയെ പ്രതിനിധീകരിച്ച് 12 പേർ പങ്കെടുത്തു. 30-09-2023 ന് തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ വെച്ച് കേരള സർവ്വകലാശാലമേഖല കരിക്കുലം ശില്പശാല സംഘടിപ്പിച്ചു. എത്രയും വേഗം മുഴുവൻ മേഖലകളിലും ഇത്തരം ശില്പശാലകൾ നടത്തേണ്ടതുണ്ട്. ലോ കോളേജ് അധ്യാപകരുടെ പ്ലെയ്സ്മെന്റ്, ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ നിയമനം എന്നിവ എത്രയും വേഗം നടക്കുന്നതാണ്. വിദ്യാർത്ഥികളുടെ എസ്.സി/എസ്.റ്റി സ്റ്റൈപ്പൻഡ് വിഷയത്തിൽ ധനകാര്യ വകുപ്പിൽ ഇടപെട്ടിരുന്നു കേന്ദ്രഫണ്ട് ലഭിക്കാത്തതാണ് ഈ പ്രതിസന്ധിക്ക് കാരണം. പുതുതായി നിയമനം ലഭിച്ച അധ്യാപകർക്ക് അംഗത്വം നൽകണം. യുണിറ്റ് വിസിറ്റ് എത്രയും വേഗം പൂർത്തീകരിക്കണം.സംസ്ഥാന പ്രവർത്തക ക്യാമ്പ് സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതുണ്ട്. എ.കെ.ജി.സി.ടി ഭവന്റെ നവീകരണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും അജണ്ടകളിമേൽ വിശദമായ ചർച്ചയും നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. യൂണിറ്റ് വിസിറ്റ് ഒക്ടോബർ 30നുള്ളിൽ പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.

2. സംഘടനയുടെ സംസ്ഥാന പ്രവർത്തക ക്യാമ്പ് ആലപ്പുഴയിൽ വെച്ച് നവംബർ മാസം 25, 26 തീയ്യതികളിൽനടത്താൻ തീരുമാനിച്ചു. ക്യാമ്പ് ഡയറക്ടറായി ആലപ്പുഴ ജില്ലാ സെക്രട്ടറി ഡോ. മോത്തി ജോർജിനെ തീരുമാനിച്ചു.
3. ഡി.എ., യു.ജി.സി. അരിയർ, പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ്, മ്യൂസിക് കോളേജ് യു.ജി.സി വിഷയങ്ങളിൽ വേണ്ട ഇടപെടൽ തുടർന്നും നടത്തും.
4. സ്പെഷ്യൽ റൂൾഭേദഗതി, പൊതു സ്ഥലം മാറ്റത്തിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിക്കൽ, എന്നീ വിഷയത്തിൽ സർക്കാരുമായി തുടർ ചർച്ചകൾ വീണ്ടും നടത്തുന്നതാണ്.
5. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സെമിനാർ മാനദണ്ഡങ്ങളിലെ അപാകതകൾ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകുന്നതാണ്.
6. നാലു വർഷ ഡിഗ്രി കരിക്കുലം സംബന്ധിച്ച് മേഖലാതലത്തിൽ വർക്ക്ഷോപ്പുകൾ നടത്തി സംഘടനാ നിർദ്ദേശം എത്രയും വേഗം ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കുന്നതാണ്.
7. സൊസൈറ്റിയുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ വ്യാപിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കും.
8. കോളേജുകളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടക്കുന്ന നിർമ്മാണളുടെ വിശദമായ റിപ്പോർട്ട് ധനവകുപ്പിന് കൈമാറും.
9. വിദ്യാർത്ഥികളുടെ എസ്.സി./ എസ്.ടി. സ്റ്റൈപ്പൻഡ് വിഷയത്തിൽ കേന്ദ്ര സർക്കാരിൽ ഐഫെക്ടോ വഴി ആവശ്യമായ ഇടപെടൽ നടത്തും.

യോഗം 4 മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
01-10-2023

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി